**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2529** **12-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ ആസ്തി രജിസ്റ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത പാതകളെ ലഭ്യമായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുന്നതിനായി പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 178, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും, കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആർജ്ജിക്കുന്ന ഭൂമി (പാത)യും വകുപ്പ് 169 പ്രകാരം നിക്ഷിപ്തമാകുന്ന റോഡുകൾ മുതലായവയും ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.<br><br>ഇത്തരത്തിൽ ഏതെങ്കിലും സ്ഥാവര സ്വത്ത്/ പാതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലേക്കായി പ്രസ്തുത സ്ഥലത്തിന്റെ വീതിയും നീളവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം അളന്നു തിട്ടപ്പെടുത്തി, മറ്റു വിവരങ്ങൾ ഉൾപ്പെടെ അടങ്ങിയ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന യോഗത്തിന്റെ പരിഗണനയ്ക്കായി നൽകി യോഗതീരുമാനപ്രകാരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പ്രസ്തുത പാതകളെ ലഭ്യമായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കാവുന്നതാണ്.<br><br>നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും കാര്യത്തിലും ഇതേ നടപടിക്രമമാണുള്ളത്. |
| (ബി) | പുതിയ പാതകൾ പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ നടപടിക്രമങ്ങൾ വ്യത്യസ്തങ്ങളാണെങ്കിൽ ആയതിന്റെ വിശദാംശം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ ? | (ബി) | 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 178, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും, കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആർജ്ജിക്കുന്ന ഭൂമി (പാത)യും വകുപ്പ് 169 പ്രകാരം നിക്ഷിപ്തമാകുന്ന റോഡുകൾ മുതലായവയും ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.<br><br>ഇത്തരത്തിൽ ഏതെങ്കിലും സ്ഥാവര സ്വത്ത്/ പാതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലേക്കായി |

| | | | |
|---|---|---|---|
| | | | **പ്രസ്തുത സ്ഥലത്തിന്റെ വീതിയും നീളവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം അളന്നു തിട്ടപ്പെടുത്തി, മറ്റു വിവരങ്ങൾ ഉൾപ്പെടെ അടങ്ങിയ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന യോഗത്തിന്റെ പരിഗണനയ്ക്കായി നൽകി യോഗതീരുമാനപ്രകാരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പ്രസ്തുത പാതകളെ ലഭ്യമായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കാവുന്നതാണ്.**<br><br>**നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും കാര്യത്തിലും ഇതേ നടപടിക്രമമാണുള്ളത്.** |

സെക്ഷൻ ഓഫീസർ